**നിയമനിർമ്മാണം**

**സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാളഭാഷാ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ

മി. സ്പീക്കർ: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിനെ സംബന്ധിച്ച് ശ്രീ. കെ. എം. മാണി ചട്ടം 303 പ്രകാരം ക്രമപ്രശ്നം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ അത് ക്രമപ്രശ്നത്തിന്റെ പട്ടികയിൽ വരുന്നില്ല. അതിനാൽ അവതരിപ്പിക്കേണ്ടതില്ല, എന്നാലും അങ്ങേയ്ക്ക് ചുരുങ്ങിയ വാക്കുകളിൽ സംസാരിക്കാം.